II അറിയിപ്പ്

എ. സി. പ്ലാന്റ് കേടുവന്നതു സംബന്ധിച്ച്

മി. സ്പീക്കർ: മെമ്പർമാരുടെ ശ്രദ്ധയ്ക്ക്, നമ്മുടെ എ. സി. പ്ലാന്റ് കുറച്ച് കേടുവന്നിരിക്കുകയാണ്. അത് കറക്ട് ചെയ്യാനുള്ള റിപ്പെയർ പണി അടിയന്തിരമായി ചെയ്യുന്നുണ്ട്. കുറച്ചൊരു ബുദ്ധിമുട്ടുണ്ട്.

9.30 a.m.

III പ്രസ്താവന

പ്രതിപക്ഷ നേതാക്കൾ നടത്തുന്ന നിരാഹാര സമരം

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, നെല്ലുസംഭരണമടക്കം കൃഷിക്കാർക്കുവേണ്ടി നടപ്പിലാക്കേണ്ട ഗവൺമെന്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാതിരുന്നാൽ 9-ാം തീയതി മുതൽ പ്രതിപക്ഷനേതാക്കൾ അനിശ്ചിതകാലത്തേക്ക് സഭയുടെ കവാടത്തിൽ നിരാഹാരസമരം നടത്തുമെന്ന് അറിയിച്ചിരുന്നു. ഇന്ന് 9-ാം തീയതിയാണ്. ഗവൺമെന്റ് ഇതുസംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടത്തുക എന്നുള്ളതല്ലാതെ ഒന്നരമാസക്കാലമായി കൊയ്ത്തുകഴിഞ്ഞ് കളത്തിൽ കെട്ടിക്കിടക്കുന്ന നെല്ലിന്റെ സംഭരണത്തെ സംബന്ധിച്ചും അതുപോലെതന്നെ മുണ്ടകൻ ബാധിച്ച് മുഴുവൻ കൃഷിയും നശിച്ച നിരാലംബരായ കൃഷിക്കാരെ സഹായിക്കുന്നതു സംബന്ധിച്ചും ഗവൺമെന്റ് പറഞ്ഞു. അതുപോലെ അവരുടെ insurance premium -ന്റെ ബാക്കി ഗവൺമെന്റ് അടയ്ക്കാമെന്നുപറഞ്ഞു. കടക്കെണിയിൽപ്പെട്ടു മരിച്ച കൃഷിക്കാർക്ക് സഹായം നൽകുന്നതു സംബന്ധിച്ചും ഗവൺമെന്റ് പ്രഖ്യാപനങ്ങൾ നടത്തി. പ്രഖ്യാപനങ്ങളെല്ലാം തന്നെ വനമേഖലകളായും വെറും പ്രഖ്യാപനങ്ങളായും മാത്രമായി അവശേഷിച്ച സാഹചര്യത്തിലാണ് ഗവൺമെന്റ് ഒന്നരമാസക്കാലമായി പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ടി വീണ്ടുമൊരു അവസരം കിട്ടട്ടെയെന്നുവിചാരിച്ച് കഴിഞ്ഞ 8-ാം തീയതി ഞാനൊരു മുന്നറിയിപ്പുകൂടി നൽകിയത്. അതും ഫലപ്പെട്ടില്ല എന്നുള്ളതുകൊണ്ട് അടുത്ത നിമിഷം മുതൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. സി.കെ. നാണു, ശ്രീ. എ. എ. അസീസ്, ഡോ. കെ. സി. ജോസഫ്, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. പി. സി. ജോർജ്, ശ്രീ. വി. സി. കബീർ എന്നീ അംഗങ്ങൾ ഈ സഭയുടെ വാതിൽക്കൽ അനിശ്ചിതകാലത്തേക്ക് നിരാഹാര സമരം നടത്തിവരുന്നു എന്നകാര്യം അങ്ങയെ അറിയിക്കുന്നു. ഞങ്ങൾ ഈ സഭ വിടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞങ്ങൾ പറയുന്നത് ഒന്ന് കേട്ടിട്ട്.....(ബഹളം).....

മി. സ്പീക്കർ: എന്തായാലും മുഖ്യമന്ത്രി പറയുന്നത് ഒന്ന് കേൾക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം ഒരു കാര്യം ഇവിടെ പറഞ്ഞു. പറഞ്ഞപ്പോൾ തന്നെ ഗവൺമെന്റ് അത് വളരെ ഗൗരവമായി എടുക്കുകയും അദ്ദേഹത്തോട് നേരിട്ട് ഞാൻ സംസാരിക്കുകയും ചെയ്തു. 9-ാം തീയതിവരെ ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നടപടികളെക്കുറിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

അതുവരെയുള്ള നെല്ലുസംഭരണത്തിന്റെ പുരോഗതിയെക്കുറിച്ച് ചർച്ച ചെയ്യാൻവേണ്ടി പ്രതിപക്ഷനേതാവിനേയും മറ്റു കക്ഷിനേതാക്കളെ എല്ലാവരെയും ഇന്നുതന്നെ ചർച്ചയ്ക്ക് ഞാൻ വിളിക്കാമെന്നുപറഞ്ഞു. ഇന്ന് ഹോമിന്റെ ഡിമാന്റ് ചർച്ചയായതുകൊണ്ട്, എനിക്ക് ഇപ്പോൾ ബുദ്ധിമുട്ടുള്ളതുകൊണ്ട് സമ്മേളനം കഴിഞ്ഞാലുടനെതന്നെ പ്രതിപക്ഷനേതാക്കളേയും ബന്ധപ്പെട്ട മന്ത്രിമാരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും ഈ അസംബ്ലി കോംപ്ലക്സിലെ മുറിയിൽ വച്ചുതന്നെ ചർച്ചയ്ക്കു വിളിച്ചിട്ടുണ്ട്. ആ ചർച്ചയിൽ പങ്കെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതല്ലെങ്കിൽ ഇതുവരെ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ പറയാനുള്ളതുകൂടി കേട്ടിട്ട് നിരാഹാരം വേണമോ വേണ്ടയോ എന്ന് തീരുമാനിക്കണമെന്നാണ് എന്റെ request. ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഇനി അതല്ല ആ ചർച്ചവരെ കാത്തിരിക്കാൻ പറ്റില്ലെന്നുണ്ടെങ്കിൽ ഞാൻ ഇപ്പോൾ തന്നെ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങളെല്ലാം ഇവിടെ പറയാൻ തയ്യാറാണ്. അതുകൂടി കഴിഞ്ഞതിനുശേഷം നിരാഹാരം വേണമോ വേണ്ടയോ എന്ന് തീരുമാനിച്ചുകൊള്ളൂ. പക്ഷേ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതും ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതും കൃഷിവകുപ്പുമന്ത്രി ഇവിടെ ഉറപ്പുതന്നിട്ടുള്ളതുമായ കാര്യങ്ങളെ സംബന്ധിച്ച് ഇതുവരെ ചെയ്തിട്ടുള്ള കാര്യങ്ങൾ കേൾക്കാൻ കൂടി തയ്യാറാകണമെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് ഇന്ന് വിളിച്ചിട്ടുള്ള ചർച്ചയിൽ ഞങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും. പക്ഷേ ഞങ്ങളുടെ പ്രഖ്യാപനം അനുസരിച്ച് കാര്യങ്ങൾ ചെയ്യുക എന്നുള്ളതുകൊണ്ട് അതു നടപ്പിലാക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് നിരാഹാര സമരം ആരംഭിക്കുന്നതിനായി സഭയിൽ നിന്നും പുറത്തുപോകുകയും നിരാഹാര സമരത്തിൽ ഏർപ്പെട്ട അംഗങ്ങൾ ഒഴികെ മറ്റ് പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തുടർന്നുള്ള സഭാ നടപടികളിൽ പങ്കെടുക്കുകയും ചെയ്തു.)

ശ്രീ. ഉമ്മൻ ചാണ്ടി : ഇതുകൂടി കേൾക്കൂ..... നെല്ലുസംഭരണം സംബന്ധിച്ച് ഇന്ന് കൃഷിക്കാരുടെ ഇടയിലുള്ള പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുകയും അതനുസരിച്ചുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷത്തിന് ഗവൺമെന്റിന് പറയാനുള്ള കണക്കുകൾ കേൾക്കാൻ സാധിക്കില്ല എന്ന് എനിക്കറിയാം. 1996 മുതൽ 2001 വരെ നെല്ലുസംഭരണത്തിനുവേണ്ടി ആ ഗവൺമെന്റ് ചെലവഴിച്ച തുക 11 കോടി രൂപയിൽ താഴെയാണ്. ഞാൻ മുഖ്യമന്ത്രിയായി സ്ഥാനമേറ്റ 6 മാസത്തിനിടയിൽ നെല്ലുസംഭരണത്തിനുവേണ്ടി 14 കോടി രൂപ കൊടുത്തു. ഇപ്രാവശ്യത്തെ ബഡ്ജറ്റ് പ്രൊവിഷൻ 3.8 കോടി രൂപ മാത്രമാണ്. ആ 3.8 കോടി രൂപ ഉൾപ്പെടെ 17.8 കോടി രൂപ ഈ വർഷം നെല്ലുസംഭരണത്തിനുവേണ്ടി ഇതിനോടകം കൊടുത്തുകഴിഞ്ഞിരിക്കുന്നു. ഇടതുമുന്നണി ഭരിച്ച 5 വർഷക്കാലം ആകെ കൊടുത്തത് 11 കോടി രൂപയിൽ താഴെയാണ്. ആ കാലഘട്ടത്തിൽ എടുത്ത നെല്ലിന് handling charge ആയി

LIBRARY ARCHIVES Kerala Legislative Assembly

26 കോടി രൂപ കൊടുക്കണമായിരുന്നു. 11 കോടി രൂപ കൊടുത്തു. 15 കോടി രൂപ അന്ന് കുടിശ്ശികയാക്കി. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് വന്നതിനു ശേഷമാണ് ഈ കുടിശ്ശിക തീർത്തത്. നെല്ലുസംഭരണം സംബന്ധിച്ച് ഉണ്ടായിരുന്ന മുഴുവൻ കുടിശ്ശികയും തീർത്തിരുന്നതാണ്. 3.8 കോടി രൂപ ബഡ്ജറ്റ് പ്രൊവിഷനുണ്ടായിരുന്ന സ്ഥാനത്താണ് 17.8 കോടി രൂപ കൊടുത്തത്. 14 കോടി രൂപ കൂടി അഡീഷണലായി കൊടുത്തു. ഈ 6 മാസത്തിനകം കൊടുത്ത 14 കോടി രൂപയും ബഡ്ജറ്റ് പ്രൊവിഷനുപുറമെ additional authorization പ്രകാരവും 5 ഉത്തരവിൻ പ്രകാരവും കൊടുത്തിരുന്നതാണ്. നെല്ലുസംഭരണത്തിന്റെ കാര്യത്തിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലായി ഇതുവരെ 31,103 ടൺ നെല്ല് സംഭരിച്ച് കഴിഞ്ഞിരിക്കുകയാണ്. ഇതിൽ ഗവൺമെന്റിന് തൃപ്തികരമല്ലാതെ വന്നിരിക്കുന്നത് കോട്ടയം ജില്ലയാണ്. കോട്ടയം ജില്ലയിൽ സംഭരണം പൂർണമായിട്ടില്ല. അതിന്റെ മുഖ്യമായ കാരണം മാർക്സിസ്റ്റുപാർട്ടി നിയന്ത്രിക്കുന്ന കുമരകം, നാട്ടകം എന്നീ രണ്ടു സൊസൈറ്റികൾ നെല്ലെടുക്കാൻ വിസമ്മതിച്ചതാണ്. രാഷ്ട്രീയമായ കാരണം കൊണ്ട് കർഷകരുടെ നെല്ല് എടുക്കില്ല എന്നു പറഞ്ഞാലോ? ശക്തമായ സമ്മർദ്ദം വന്നതിനുശേഷം ഇന്നലെ കുമരകത്തെ ബാങ്ക് പേരിന് നെല്ലെടുത്തു തുടങ്ങി. നെല്ലടുത്തു തുടങ്ങിയപ്പോൾ 750 രൂപയുടെ സ്ഥാനത്ത് നൂറ്റമ്പതു രൂപയോളം കുറച്ചു മാത്രമേ കൊടുത്തുള്ളൂ. അതിൽ കർഷകർ അസംതൃപ്തരാണ്. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ ഏതെല്ലാം വിധത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിലും, സാമ്പത്തികമായി കടുത്ത ബുദ്ധിമുട്ട് ഉണ്ടായിട്ടും ബഡ്ജറ്റ് പ്രൊവിഷനു പുറമെ 14 കോടി രൂപ കൂടി കൊടുത്തു; മുഴുവൻ കുടിശ്ശികയും തീർത്തു. നെല്ല് സംഭരണം എത്രയും വേഗത്തിലാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും. പാലക്കാട് ജില്ലയിൽ ഒരു പ്രശ്നമുണ്ടായിരുന്നു. അവിടെ നെല്ല് കെട്ടിക്കിടക്കുന്നു എന്നുള്ളതായിരുന്നു പ്രശ്നം. കെട്ടിക്കിടക്കുന്ന നെല്ല് വിൽക്കാൻ സൊസൈറ്റികൾ സഹകരിക്കണമെന്ന് അവിടത്തെ ജനപ്രതിനിധികളും ജില്ലാ ബാങ്കുകാരും ബാങ്കിന്റെ പ്രസിഡന്റുമൊക്കെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആ നെല്ല് വിൽക്കുന്ന സമയത്ത് ഉണ്ടാകുന്ന അവരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് 72 ലക്ഷം രൂപ കൊടുക്കാൻ കഴിഞ്ഞ കാബിനറ്റ് തീരുമാനിച്ചു. അതിനുത്തരവു കൊടുത്തിരിക്കുകയാണ്. മുണ്ടകൃഷിക്കു നൽകുന്ന സഹായത്തെക്കുറിച്ചും ഇൻഷ്വറൻസിന്റെ വിഹിതം അടയ്ക്കുന്നതിനെക്കുറിച്ചുമെല്ലാം ഇവിടെ പറഞ്ഞു. അതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്; ഉടനെ തീരുമാനമെടുക്കുന്നതാണ്. നെൽക്കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി എല്ലാ നടപടികളും സ്വീകരിക്കും. കഴിഞ്ഞകാലങ്ങളിൽ സ്വീകരിച്ച നടപടികളുമായി തട്ടിച്ചുനോക്കുമ്പോൾ, അതിനേക്കാൾ വളരെ ഭേദപ്പെട്ട രീതിയിൽ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇടതുമുന്നണിയുടെ പേരു പറഞ്ഞുകൊണ്ട് കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ തുടരുന്ന ഒരു സാഹചര്യം ഉണ്ടാക്കില്ല. പൂർണ്ണമായും നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. പ്രതിപക്ഷ നേതാവ് ഇങ്ങനെയൊരു നിലപാട് എടുത്തതിന്റെ കാരണം എന്താണെന്ന് എനിക്കറിയില്ല. അദ്ദേഹത്തിന് എല്ലാ കാര്യങ്ങളും അറിയാം. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

മറ്റെന്തെങ്കിലും രാഷ്ട്രീയ കാരണങ്ങൾ കൊണ്ടാണോ അദ്ദേഹം ഈ ഒരു സമരത്തിലേക്ക് ഇറങ്ങിത്തിരിച്ചതെന്ന് എനിക്കറിയില്ല. പ്രതിപക്ഷനേതാവ് ഇന്നലെ തന്ന ഒരു കത്തിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയാണ്. ആ കത്തിനകത്ത് അദ്ദേഹം പറഞ്ഞിരിക്കുന്ന ഒരു കാര്യം, കേന്ദ്രത്തിൽ നിന്നും 136 കോടി രൂപ കിട്ടി. അതു കൃഷിക്കാർക്കുവേണ്ടി വിനിയോഗിക്കുന്നില്ല എന്നാണ്. അതിൽ 106 കോടി രൂപ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾക്കുവേണ്ടിയാണ്. 30 കോടി രൂപ മൈക്രോ മാനേജുമെന്റിനുവേണ്ടി മൂന്നു വർഷത്തേയ്ക്കു തരുന്നതാണ്. അതിൽ ആദ്യത്തെ 10 കോടി രൂപ കിട്ടിയിട്ടുണ്ട്. അടുത്ത 20 കോടി രൂപ രണ്ടു കൊല്ലം കൊണ്ടു മാത്രമേ കിട്ടുകയുള്ളൂ. ആ പത്തുകോടി രൂപ മൈക്രോ മാനേജുമെന്റ് എന്നു പറയുന്ന പ്രത്യേക സ്കീമിനാണ്. അതു മറ്റു കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കാൻ പാടില്ല. 106 കോടി രൂപ അനുവദിച്ചതിൽ 53 കോടി രൂപ ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്. ഈ 53 കോടി രൂപയും ചേർത്ത് 70 കോടി രൂപ ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. 17 കോടി രൂപ കൃഷിക്കാർക്കുവേണ്ടി കൂടുതലായി ചെലവഴിച്ചു. പ്രതിപക്ഷനേതാവ് തന്നിരിക്കുന്ന കത്തിനകത്ത് കേന്ദ്രത്തിൽ നിന്നും കിട്ടിയിരിക്കുന്ന തുക വക മാറ്റി ചെലവഴിച്ചിരിക്കുന്നു എന്നുള്ള നിലയിലാണ് പറഞ്ഞിരിക്കുന്നത്. ഇതു തെറ്റായിട്ടുള്ള ഒരു പ്രചരണമാണ്. അദ്ദേഹം തെറ്റിദ്ധരിച്ചാണ് പറഞ്ഞതെങ്കിൽ അതു മാറ്റണം. കർഷകരുടെ കാര്യത്തിൽ ഒരു വിട്ടു വീഴ്ചയില്ലാത്ത രീതിയിലുള്ള ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കും: ഏതു സമയവും പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. അവർ ഇതിൽ നിന്നും വ്യത്യസ്തമായ ഏതെങ്കിലുമൊരു നിർദ്ദേശം പറയട്ടെ. അതു കേൾക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വി. ഡി സതീശൻ: അങ്ങ് നെൽക്കൃഷിക്കാർക്കുവേണ്ടി ഗവൺമെന്റ് ചെയ്തിട്ടുള്ള ഒരുപാടു നല്ല കാര്യങ്ങളെക്കുറിച്ചിവിടെ പറഞ്ഞു. ഇതൊന്നും കേൾക്കാൻ താൽപര്യം കാണിക്കാതെ മുൻകൂട്ടി തയ്യാറാക്കി വന്ന ഒരു പദ്ധതിയുടെ ഭാഗമായി, സംഘടനാ തെരഞ്ഞെടുപ്പിൽ ഉണ്ടായ പരാജയം മറച്ചുവച്ചുകൊണ്ട് ഒരു സമരഭടനായി മുന്നോട്ടു പോകുവാൻ വേണ്ടിയല്ലേ ഇന്നു തുടങ്ങിയിരിക്കുന്ന ഈ സമരം; രാഷ്ട്രീയ പ്രേരിതമായ ഒരു സമരമല്ലേ ഇന്നാരംഭിച്ചിരിക്കുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: ആത്മഹത്യ ചെയ്ത കർഷകർക്കു കൊടുക്കുന്ന കോമ്പൻസേഷനെക്കുറിച്ചാണ് മറ്റൊരു കാര്യം ഇവിടെ പറയുന്നത്. അതിൽ കുറച്ചു പേരുടെ കുടുംബത്തിന് ഇതിനോടകം തന്നെ 50,000 രൂപ വച്ച് കോമ്പൻസേഷൻ കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ കണക്കുപ്രകാരം കാർഷിക കടങ്ങൾ കൊണ്ട് ആത്മഹത്യചെയ്ത കർഷകരുടെ എണ്ണം 218 ആണ്. ശേഷിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും 50,000 രൂപ വച്ച് കോമ്പൻസേഷൻ കൊടുക്കാൻ കാബിനറ്റ് തീരുമാനിച്ചു. അതനുസരിച്ചുള്ള ഉത്തരവിറക്കിക്കഴിഞ്ഞു. അത് ഉടനെ തന്നെ വിതരണം ചെയ്തു പൂർത്തീകരിക്കുന്നതാണ്. കർഷകരുടെ കാര്യത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇനിയും എന്തെങ്കിലും പ്രതിപക്ഷത്തിനു പറയാനുണ്ടെങ്കിൽ, അതു കേൾക്കാൻ തയ്യാറാണ്. ചെയ്യാവുന്ന കാര്യങ്ങൾ, അർഹമായിട്ടുള്ള കാര്യങ്ങൾ, ഏതു സമയത്തും പരിഗണിക്കാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന ഗവൺമെന്റിനെക്കൊണ്ട് സാധ്യമായിട്ടുള്ള എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

മി. സ്പീക്കർ: ഇവിടെ ചെയറിനു ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. നിയമസഭാ പ്രവർത്തനങ്ങളിൽ, പരസ്പരം ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് അതിന്റേതായ വഴി. പ്രകടനങ്ങൾക്കൊണ്ട് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയിട്ട് യാതൊരു കാര്യവുമില്ല. അതുകൊണ്ട് മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത് ചർച്ചകൾ നടത്തി, കഴിയുന്നതും വേഗം ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണണമെന്ന നിർദ്ദേശമാണ് എനിക്കു സമർപ്പിക്കാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: 9-ാം തീയതി ഇങ്ങനെയൊരു പരിപാടി ആവിഷ്ക്കരിക്കുന്നു എന്നറിയിച്ചുകൊണ്ട് കഴിഞ്ഞ വെള്ളിയാഴ്ച (4-ാം തീയതി) നോട്ടീസ് കൊടുത്തു. ഇതറിഞ്ഞപ്പോൾത്തന്നെ 8-ാം തീയതി ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നു എന്നും കക്ഷി നേതാക്കന്മാരും ബഹുമാനപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും പങ്കെടുക്കുമെന്നും പറഞ്ഞ് ഗവൺമെന്റ് കത്തു കൊടുത്തു. ഗവൺമെന്റ് ഏതു സമയത്തും ചർച്ചയ്ക്കു തയ്യാറാണ്. അങ്ങിവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുന്നു.

IV ശ്രദ്ധക്ഷണിക്കൽ

(1) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെത്തുടർന്ന് കാർഷിക മേഖല വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് കുരുമുളക്, ഏലം, കാപ്പി, തേയില തുടങ്ങിയ വിളകളാണ്. ഇവയുടെ വില വൻതോതിൽ ഇടിഞ്ഞിരിക്കുകയാണ്. 64000 ഹെക്ടർ സ്ഥലത്ത് പതിനായിരക്കണക്കിന് കുടുംബങ്ങളാണ് കുരുമുളക് കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നത്. കിലോയ്ക്ക് 240 രൂപ വിലയുണ്ടായിരുന്ന കുരുമുളകിനു ഇപ്പോൾ വില 60 രൂപയാണ്. കുരുമുളകിന്റെ വില പിടിച്ചു നിർത്തുന്നതിന്, 75 രൂപ തറവില നിശ്ചയിച്ചു കുരുമുളക് സംഭരിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും സംഭരണത്തിലെ അപാകത കാരണം ഇന്നും കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. സംഭരിക്കുന്ന കുരുമുളക് മൂന്നു മാസത്തിനകം ആഭ്യന്തര കമ്പോളത്തിൽ വിൽക്കുമെന്നുള്ള പ്രഖ്യാപനം വൻകിട കുത്തകക്കാരെ സഹായിക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. 30,000 ഹെക്ടർ സ്ഥലത്താണ് ഏലം കൃഷി ചെയ്യുന്നത്. ഒരു ഹെക്ടറിൽ നിന്നും 400 കിലോ ഏലം വരെ ലഭിച്ചിരുന്നതാണ്. കിലോയ്ക്ക് 900 രൂപ വിലയുണ്ടായിരുന്ന ഏലയ്ക്കാക്ക് ഇപ്പോൾ 300 രൂപായിൽ താഴെയാണ് വില. വിലയിടിഞ്ഞതിന്റെ ഫലമായി തോട്ടങ്ങളിൽ ജോലി വൻതോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ഏലച്ചെടിക്കുണ്ടാകുന്ന അഴുകൽ രോഗവും വരൾച്ചയുംമൂലം നൂറുകണക്കിന് ഏക്കർ കൃഷി നശിക്കുവാൻ ഇടയായിട്ടുണ്ട്. 1500 ഹെക്ടർ സ്ഥലത്താണ് കാപ്പി കൃഷി ചെയ്യുന്നത്. ഒരു കിലോ കാപ്പിക്കുരുവിന്

LIBRARY ARCHIVES Kerala Legislative Assembly